കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്- കേന്ദ്രാവിഷ്കൃത പദ്ധതി-മറ്റു പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം - +1, +2 വിദ്യാർത്ഥികൾക്കു് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവു് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി/ പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്

സ.ഉ(എംഎസ്). നം.**11/10/**പജപവവിവ. തിയതി, തിരുവനന്തപുരം: **08/02/2010**

---

പരാമർശം: പട്ടികജാതി വികസന വകുപ്പു ഡയറക്ടറുടെ 5/8/2009, 9/9/09 എന്നീ തിയതികളിലെ ഇ3-16554/00 നമ്പർ കത്തുകൾ.

## ഉത്തരവു്

നിലവിൽ സംസ്ഥാനത്തെ മറ്റു പിന്നോക്ക സമുദായത്തിൽപ്പെട്ട +1, +2 വിദ്യാർത്ഥികൾക്ക് വാർഷിക വരുമാന പരിധി 20,000/- രൂപ വരെയുള്ള വരുടെ കുട്ടികൾക്ക് പരീക്ഷാ ഫീസ് ഉൾപ്പെടെയുള്ള ഫീസ് സൗജന്യം അനുവദിച്ചുവരുന്നു. മറ്റു പിന്നോക്ക സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പു നൽകുന്നതിന് കേന്ദ്ര സർക്കാർ ഒരു പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മറ്റു പിന്നോക്ക സമുദായത്തിൽപ്പെട്ട +1, +2, (10+2 സിസ്റ്റം) കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പ്രതിമാസം 90/-രൂപ നിരക്കിൽ 2009-10 അദ്ധ്യയന വർഷം മുതൽ സ്കോളർഷിപ്പ് നൽകുന്ന ഒരു പദ്ധതിക്ക് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

1. സ്കോളർഷിപ്പു ലഭിക്കുന്നതിന് വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ വാർഷിക വരുമാനം 44,500/-രൂപയോ അതിൽ കുറവോ ആയിരിക്കണം.
2. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും വരുമാന പരിധി ഇല്ലാതെ തന്നെ ഇപ്പോൾ ലഭിക്കുന്നതിനാൽ ഈ സ്കോളർഷിപ്പ് പദ്ധതിയിൽ ഒ.ഇ.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.
3. ഒരു കുടുംബത്തിലെ രണ്ട് അംഗങ്ങൾക്ക് മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. എന്നാൽ പെൺകുട്ടികളാണെങ്കിൽ ഈ നിബന്ധന ബാധകമല്ല.
4. മറ്റേതെങ്കിലും പദ്ധതി പ്രകാരം സ്കോളർഷിപ്പോ/സ്റ്റൈപ്പന്റോ വാങ്ങുന്ന വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

ഈ സ്കോളർഷിപ്പിനെ സംബന്ധിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പട്ടികജാതി വികസന

...റപ്പെടുവിക്കേണ്ടതാണു്.